## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2939

12-10-2011 ൽ മറുപടിയ്ക്ക്

## മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഭക്ഷ്യസുരക്ഷാ പദ്ധതിക്കായി കണ്ണൂർ ജില്ലയിലെ മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് സഹായം ലഭ്യമാക്കണമെന്നുള്ള നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) കണ്ണൂർ ജില്ലയിലെ മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റി തൊഴിൽ സേനയ്ക്ക് യന്ത്രങ്ങൾ നൽകൽ, അഗ്രോ സർവ്വീസ് സെന്റർ, ജൈവ അരി സംഭരണ വിപണനത്തിനുള്ള കേന്ദ്രം സ്ഥാപിക്കൽ എന്നിവയ്ക്കായി 379.04 ലക്ഷം രൂപയും കേരള കാർഷിക സർവ്വകലാശാലയ്ക്ക് വിവിധ പരിശീലന പദ്ധതികൾക്കായി 2 കോടി രൂപയും സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യ മാക്കുന്നതിനായുള്ള പ്രോജക്ട് പരിശോധിച്ചുവരുന്നു.<br>പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവയാണ്. ഈ വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ യന്ത്ര വൽക്കരണം ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ വഴിയും, ഫിൽഡ് തലത്തിലും വിവിധ പരിശീലന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റി അംഗങ്ങൾക്കും ഇവയുടെ എല്ലാം പ്രയോജനം ലഭ്യമാക്കാവുന്നതാണ്. |
| (ബി) മലബാർ കയ്പ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് സഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) സൊസൈറ്റിയുടെ പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ഭൂരിഭാഗവും കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവയാകയാൽ സൊസൈറ്റി അംഗങ്ങൾക്കും അവയുടെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ